# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2718**

06.02.2018-ലെ മറുപടി

## മങ്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) മങ്കര ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി പ്രകാരം കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>മങ്കര ഗ്രാമപഞ്ചായത്തിൽ അഞ്ച് വാർഡുകൾ ഉൾപ്പെടുത്തി ജലനിധി പദ്ധതി പ്രകാരം 417 ലക്ഷം രൂപ മതിപ്പ് പ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ടി പഞ്ചായത്തിലെ 1700 വീടുകളിൽ കുടിവെള്ളം ലഭ്യമാക്കുവാൻ ഈ പദ്ധതി പ്രകാരം സാധ്യമാകും. പദ്ധതി 2018 ഏപ്രിൽ മാസം പണി പൂർത്തീകരിക്കത്തക്ക വിധത്തിൽ ജോലികൾ പുരോഗതിയിലാണ്. |
| (ബി) ഭാഗികമായിട്ടെങ്കിലും, ജലനിധി മുഖേന, പ്രസ്തുത പഞ്ചായത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത പഞ്ചായത്ത് നൽകിയിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ നൽകുമോ;<br>(ഡി) പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ, ജലനിധി പദ്ധതിയിലൂടെ, പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) യും (ഡി) യും | മങ്കര ഗ്രാമപഞ്ചായത്ത് കൂടി ഉൾപ്പെട്ട കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ വിഭാവനം ചെയ്ത കേരളശ്ശേരി മണ്ണൂർ ബൃഹദ് ശുദ്ധജല വിതരണ പദ്ധതിയിൽ നിന്ന് ജലമെടുത്ത് ടി പഞ്ചായത്തിലെ മറ്റു വാർഡുകളിൽ വിതരണ ശൃംഖല സ്ഥാപിച്ച് രണ്ടാംഘട്ട വിപുലീകരണം ജലനിധി പദ്ധതി പ്രകാരം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ കേരള വാട്ടർ അതോറിറ്റി ഫണ്ടിന്റെ കുറവുമൂലം ടി പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടിരുന്നു. ആയതിനാൽ രണ്ടാംഘട്ട വിപുലീകരണം ഉടൻ നടപ്പിലാക്കുവാൻ കഴിയുകയില്ല. ഒന്നാംഘട്ട പദ്ധതിയുടെ കിണർ, പമ്പ് ഹൗസ് എന്നിവ ഉപയോഗപ്പെടുത്തി ട്രീറ്റ്മെന്റ് പ്ലാന്റ്, |

ജലസംഭരണി എന്നിവ സ്ഥാപിച്ച് രണ്ടാംഘട്ട പദ്ധതി ഏറ്റെടുക്കണമെന്നാണ് പഞ്ചായത്തിന്റെ നിവേദനം. ജലനിധി പദ്ധതിയുടെ കാലാവധി ഡിസംബർ 2018-ന് അവസാനിക്കുന്നതിനാൽ ഈ പ്രോജക്റ്റ് ഇപ്പോൾ ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല. ഈ വിവരം പഞ്ചായത്ത് അധികൃതരെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ